<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4754</u> <u>02-07-2024 - ൽ മറുപടിയ്ക്ക്</u>

<u>മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ വിധവകൾക്കുള്ള പെൻഷൻ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിരുന്നവരുടെ വിധവകൾക്ക് നിലവിൽ എത്ര രൂപയാണ് പെൻഷൻ നൽകി വരുന്നത്; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കാമോ; | (എ) | കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിരുന്നവരുടെ വിധവകൾക്ക് പ്രതിമാസം 1600/-രൂപ നിരക്കിലാണ് നിലവിൽ പെൻഷൻ വിതരണം ചെയ്തുവരുന്നത് . ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (ബി) | പ്രസ്തുത തുക നിലവിൽ കുടിശികയായിട്ടുള്ളത് എത്ര മാസമാണെന്നും കുടിശിക നൽകുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികളെക്കുറിച്ചും വിശദവിവരം ലഭ്യമാക്കാമോ? | (ബി) | 2023 ഡിസംബർ മുതൽ 2024 ജൂൺ വരെയുള്ള 7 മാസത്തെ പെൻഷൻ തുകയാണ് കുടിശ്ശികയായിട്ടുള്ളത്. 2023 ഡിസംബർ, 2024 ജനുവരി മാസങ്ങളിൽ സാമൂഹ്യ സുരക്ഷാ പെൻഷനോടൊപ്പം മത്സ്യത്തൊഴിലാളി വിധവാ പെൻഷൻ അനുവദിക്കുന്നതിന് ധനവകുപ്പിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും അനുവദിച്ച് ഉത്തരവായിരുന്നില്ല. കുടിശ്ശിക ഫണ്ട് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ജില്ല | വിധവ പെൻഷണർമാരുടെ എണ്ണം | പ്രതിമാസം ആവശ്യമായി വരുന്ന തുക |
|---|---|---|
| തിരുവനന്തപുരം | 1544 | 24,70,400/- |
| കൊല്ലം | 1241 | 19,85,600/- |
| പത്തനംതിട്ട | 19 | 30,400/- |
| ആലപ്പുഴ | 1870 | 29,92,000/- |
| കോട്ടയം | 251 | 4,01,600/- |
| എറണാകുളം | 1027 | 16,43,200/- |
| തൃശ്ശൂർ | 610 | 9,76,000/- |
| മലപ്പുറം | 828 | 13,24,800/- |
| കോഴിക്കോട് | 1601 | 25,61,600/- |
| കണ്ണൂർ | 469 | 7,50,400/- |
| കാസർഗോഡ് | 485 | 7,76,000/- |
| **ആകെ** | **9945** | **1,59,12,000/-** |

**സെക്ഷൻ ഓഫീസർ**